പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843 12.06.2019-ലെ മറുപടിക്ക്

## തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി.ഡിപ്പോകളിലെ വിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

(എ) തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും 2016 ഏപ്രിലിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകളുടെ എണ്ണം ഡിപ്പോ തിരിച്ച് നൽകാമോ; നിലവിൽ പ്രസ്തുത ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണവും ഡിപ്പോ തിരിച്ച് നൽകുമോ;

(എ)

| ഡിപ്പോ | 2016 ഏപ്രിൽ മാസത്തെ ഷെഡ്യൂൾ | നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂൾ |
|---|---|---|
| പൂവാർ | 70 | 61 |
| വിഴിഞ്ഞം | 74 | 63 |
| പാപ്പനംകോട് | 122 | 70 |
| തിരു: സിറ്റി | 142 | 126 |
| നെയ്യാറ്റിൻകര | 100 | 109 |

(ബി) വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി. യിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ യൂണിറ്റുകളിലെ ഷെഡ്യൂളുകളും ട്രിപ്പുകളും പുനഃക്രമീകരിച്ചിട്ടുള്ളതാണ്. നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകളും, ഭരണാനുമതി നൽകിയിട്ടും ഓടിക്കാൻ കഴിയാതിരുന്ന ഷെഡ്യൂളുകളും പൂർണ്ണമായും നിർത്തലാക്കുകയോ, ട്രിപ്പുകൾ പുനഃക്രമീകരിക്കുകയോ

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും, മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതുമായ എല്ലാ ട്രിപ്പുകളും / സർവ്വീസുകളും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോകളിൽ നിന്നും കോവളം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന സ്റ്റേ ബസുകളുടെ എണ്ണം 2016 ഏപ്രിലിലെ കണക്കുപ്രകാരം നൽകാമോ; | (സി) | പൂവാർ - 2<br>വിഴിഞ്ഞം - 8<br>പാപ്പനംകോട് - 10<br>തിരുവനന്തപുരം സിറ്റി - 3<br>നെയ്യാറ്റിൻകര - 2 |
| (ഡി) | നിലവിൽ ഈ ഡിപ്പോകളിൽ നിന്നും കോവളം നിയോജകമണ്ഡലത്തിൽ ഉള്ള സ്റ്റേ ബസുകളുടെ വിവരം ലഭ്യമാക്കുമോ; നിർത്തലാക്കിയ സ്റ്റേ ബസുകളിൽ ഓരോന്നും നിർത്തലാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | പൂവാർ - 2<br>തിരുവനന്തപുരം സിറ്റി - 3<br>നെയ്യാറ്റിൻകര - 2<br>വിഴിഞ്ഞം - 4<br>(യാത്രക്കാരുടെ കുറവും വരുമാന നഷ്ടവും ഉള്ളതിനാൽ 4 സ്റ്റേ സർവ്വീസുകൾ ഇപ്പോൾ അയയ്ക്കുന്നില്ല.)<br>പാപ്പനംകോട് - 2 (കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലവും മതിയായ എണ്ണം ബസ്സുകൾ ഇല്ലാത്തതിനാലും 8 സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളതാണ്.) |

സെക്ഷൻ ഓഫീസർ